പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4533 — 26.06.2014 ൽ മറുപടിക്ക്

## പാചകവാതക വിതരണ ഏജൻസികളിലെ വിജിലൻസ് റെയ്ഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ:<br>,, തോമസ് ചാണ്ടി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക വിതരണ ഏജൻസികളിൽ സംസ്ഥാനവ്യാപകമായി വിജിലൻസ് നടത്തിയ റെയ്ഡിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വിശദീകരിക്കുമോ; | (എ) പാചകവാതക വിതരണ ഏജൻസികളിൽ 06/06/2014-ന് വിജിലൻസ് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.<br>(i) സ്റ്റോക്ക് രജിസ്റ്ററിൽ ക്രമക്കേട്<br>(ii) സിലിണ്ടർ വിതരണത്തിൽ ക്രമക്കേട്<br>(iii) വിതരണ തൊഴിലാളികളുടെ പക്കൽ നിന്നും അധിക തുക കണ്ടെത്തി.<br>(iv) അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>(v) ഉപഭോക്താക്കളോട് മോശമായി പെരുമാറുക.<br>(vi) ഗ്യാസ് കണക്ഷൻ അനുവദിക്കുന്നതിൽ അപാകത തുടങ്ങിയ ക്രമക്കേടുകൾ പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. |
| (ബി) പ്രസ്തുത ഏജൻസികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) മിന്നൽ പരിശോധന സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നതായി വിജിലൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന മുറയ്ക്കേ ക്രമക്കേടുകളും അതിൽ ഉൾപ്പെടുന്ന ഏജൻസികളുടെയും വ്യക്തവും ആധികാരികവുമായ വിശദാംശങ്ങൾ അറിയുവാൻ സാധിക്കുകയുള്ളൂ |

(സി) ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ആയതിലേക്കായി രണ്ടുമാസത്തിലൊരിക്കൽ പരിശോധന നടത്തുവാൻ ജില്ലാതല ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ?

(സി) ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ ഗ്യാസ് ഏജൻസികളിൽ റെയ്ഡുകളും, മിന്നൽ പരിശോധനകളും മാസംതോറും നടത്തുന്നുണ്ട്. എന്നിരുന്നാലും വിജിലൻസ് റെയ്ഡിൽ ക്രമക്കേടുകൾ കണ്ടെത്തിയതായ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ, ഗ്യാസ് ഏജൻസികളിലെ റെയ്ഡ്/മിന്നൽ പരിശോധനകൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുവാനും പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന ഗ്യാസ് ഏജൻസികൾക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്‌ലൈൻസ് അനുശാസിക്കുന്ന തരം നടപടികൾക്ക് ശുപാർശ ചെയ്യുവാനും, പൊതുജനങ്ങളെ ഗ്യാസ് ഏജൻസികൾ ഏതെങ്കിലും രീതിയിൽ വഞ്ചിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി ഗ്യാസ് ഏജൻസികൾക്കെതിരെ ഉപഭോക്തൃ ഫോറങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്യാനും എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ